**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5016** **11-08-2021 - ൽ മറുപടിയ്ക്ക്**

**ഐ. സി. ഡി. എസ്. സൂപ്പർവൈസർ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2018-ൽ ഡോ. ടി. കെ. ആനന്ദിയുടെ നേതൃത്വത്തിൽ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശ പ്രകാരം സൂപ്പർവൈസർമാരുടെ ചുമതല ഇരുപത് അംഗനവാടികൾക്ക് ഒന്ന് എന്ന നിലയിലായതിനാൽ പ്രസ്തുത ശിപാർശ കണക്കിലെടുത്ത് പുതിയ സൂപ്പർവൈസർ തസ്തികകൾ സൃഷ്ടിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | ഡോ. ടി.കെ. ആനന്ദിയുടെ നേതൃത്വത്തിൽ ഇത്തരത്തിൽ ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ച് ഉത്തരവ് നൽകിയിട്ടില്ല. നിലവിലെ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡമനുസരിച്ച് 25 അങ്കണവാടികൾക്ക് ഒരു സൂപ്പർവൈസർ എന്ന ക്രമമനുസരിച്ചാണ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തിക സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിയ്ക്കുമ്പോൾ കേരളത്തിൽ ഇപ്പോൾ അനുവദിയ്ക്കപ്പെട്ടിട്ടുള്ള 33115 അങ്കണവാടികൾക്കായി 1327 സൂപ്പർവൈസർ തസ്തിക പര്യാപ്തമാണ്. ആയതിനാൽ വകുപ്പിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിയ്ക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ